15 -ാം കേരള നിയമസഭ

5 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3440 | 14-07-2022 - ൽ മറുപടിയ്ക്ക്

## പ്ലസ് ടു പരീക്ഷ പാസ്സായ എല്ലാവർക്കും ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. നജീബ് കാന്തപുരം | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പ്ലസ് ടു പരീക്ഷയിൽ കൂടുതൽ എ പ്ലസ് നേടിയ മലപ്പുറം ജില്ലയിൽ ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ കുറവാണെന്നത് പരിശോധിച്ചിട്ടുണ്ടോ? | (എ) | മലപ്പുറം ജില്ലയിൽ പ്ലസ് ടു പരീക്ഷ പാസ്സായ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസവകുപ്പിന് കീഴിൽ ഉന്നത വിദ്യാഭ്യാസത്തിന് മതിയായ സൗകര്യങ്ങൾ നിലവിലുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ മലപ്പുറം ജില്ലയിൽ 9 സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലായി 65 കോഴ്സുകളും 20 എയ്ഡഡ് കോളേജുകളിലായി 177 കോഴ്സുകളും നിലവിലുണ്ട്.<br><br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ KEAM 2022 പ്രോസ്പെക്ടസ് പ്രകാരം സ്വാശ്രയ മേഖലയിൽ ഹയർ സെക്കൻഡറിക്കു ശേഷം എഞ്ചിനീയറിംഗ് ഉപരിപഠനത്തിനായി 2226 സീറ്റുകൾ മലപ്പുറം ജില്ലയിൽ നിലവിലുണ്ട്. സംസ്ഥാന എൻട്രൻസ് കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷാ മാനദണ്ഡങ്ങൾ ടി സീറ്റുകളിലേക്കുള്ള പ്രവേശനത്തിനു ബാധകമാണ്. കൂടാതെ, മലപ്പുറം ജില്ലയിൽ 4 ഗവൺമെന്റ് പോളിടെക്നിക് കോളേജുകളും, ഒരു എയ്ഡഡ് പോളിടെക്നിക്ക് കോളേജും, 5 സ്വാശ്രയ പോളിടെക്നിക് കോളേജുകളുമുണ്ട്. കൂടാതെ, പോളിടെക്നിക് കോളേജുകളിൽ മൊത്തം അംഗീകാരമുള്ള സീറ്റിന്റെ 10% അധിക സീറ്റുകളിലേക്കും പ്ലസ് ടു പാസ്സായ വിദ്യാർത്ഥികൾക്ക് ലാറ്ററൽ എൻട്രി വഴി ഡിപ്ലോമ കോഴ്സിലെ രണ്ടാം വർഷത്തിലേക്ക് പ്രവേശനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>എൽ.ബി.എസ്. സെന്ററിനു കീഴിൽ മലപ്പുറം ജില്ലയിലെ പരപ്പനങ്ങാ ടിയിൽ ഒരു മോഡൽ ഡിഗ്രി കോളേജ് പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത കോളേജിൽ ബി.കോം. കംപ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സിന് |

| | | | |
|---|---|---|---|
| | | | 60സീറ്റുകളും ബി.എസ്.സി. കംപ്യൂട്ടർ സയൻസ് കോഴ്സിന് 36 സീറ്റുകളും ബി.സി.എ. കോഴ്സിന് 36 സീറ്റുകളും നിലവിലുണ്ട്.<br><br>ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ 4 അപ്ലൈഡ് സയൻസ് കോളേജുകളും (College of Applied Science, Vazhakkad, Vattamkulam, Malappuram, Muthuvallur) 3 എക്സ്റ്റെൻഷൻ സെന്ററുകളും (Extension Centre, Tirur, Valancherry, Thavanur) നിലവിൽ പ്രവർത്തിച്ചുവരുന്നു. അവയിൽ വിവിധ ബിരുദ കോഴ്സുകളും, ഐ.എച്ച്. ആർ.ഡി. കോഴ്സുകളും, തൊഴിൽ അധിഷ്ഠിത ഹ്രസ്വകാല കോഴ്സുകളും നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ